പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2229 — 23-01-2014-ൽ മറുപടിക്ക്

## മീറ്റർ റീഡിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുത മീറ്റർ വർഷങ്ങളായി കേടായിക്കിടന്നാൽപോലും മാറ്റിസ്ഥാപിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മീറ്ററുകൾ കേടായിക്കിടക്കുന്നു എന്ന കാര്യം വ്യക്തമാക്കാമോ ; | (എ) വർഷങ്ങളായി കേടായിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ മീറ്ററുകളുടെ ലഭ്യതയനുസരിച്ച് കേടായ മീറ്ററുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിച്ചു വരുന്നുണ്ട്.ലഭ്യമായ കണക്കനുസരിച്ച് 670368 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. |
| (ബി) മീറ്റർ റീഡിംഗ് എടുക്കുന്നതിനായി കെ.എസ്.ഇ.ബി.ഏതു വ്യവസ്ഥയിലാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത് | (ബി) മീറ്റർ റീഡർമാരായി സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരില്ലാത്ത സ്ഥലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ മീറ്റർ റീഡിംഗ് പ്രവൃത്തികൾ ചെയ്തു വരുന്നു. |
| (സി) കരാർ ജീവനക്കാർ എടുക്കുന്ന സ്റ്റേറ്റ്മെന്റ് കെ.എസ്.ഇ.ബി, ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ ; | (സി) ഉണ്ട് |
| (ഡി) മീറ്റർ റീഡിംഗും, അനുബന്ധ കാര്യങ്ങളും ഗൗരവമായി ശ്രദ്ധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) മീറ്റർ റീഡിംഗും, അനുബന്ധ കാര്യങ്ങളും ബന്ധപ്പെട്ട സെക്ഷനിലെ ഉദ്യോഗസ്ഥർ ശ്രദ്ധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കേടായ മീറ്റർ മാറ്റിവയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ? | (ഇ) | നിലവിലുള്ള എല്ലാ കേടായ മീറ്ററുകളും 31.3.2014-നകം മാറ്റി സ്ഥാപിക്കുവാൻ ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന് ആവശ്യമായ മീറ്ററുകൾ ലഭ്യമാക്കുകയും മീറ്റർ മാറ്റുന്ന പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ